# കുതിക്കാനൊരുങ്ങി ചെന്നൈ മെട്രോ



വടപളനിയിലെ നിർദിഷ്ട സ്റ്റേഷനോടു ചേർന്നുള്ള ആകാശ പാത.

കൊച്ചി മെട്രോ നിർമാണം തർക്കങ്ങളിൽ തട്ടി നിൽക്കുമ്പോൾ ചെന്നൈ മെട്രോ നിർമാണം ലക്ഷ്യത്തിലേക്കു കുതിക്കുകയാണ്. രണ്ടു ഇടനാഴികളായി 45 കിലോമീറ്റർ നീളുന്ന റയിൽ പാതയുടെയും സ്റ്റേഷനുകളുടെയും പണികൾ രാപ്പകൽ ഇടവേളയില്ലാതെ തുടരുന്നു. അതിവേഗം പുരോഗമിക്കുന്ന നിർമാണ പ്രവർത്തനങ്ങൾ നഗരത്തിന്റെ ഗതാഗത ക്രമീകരണങ്ങളെ മാറ്റി മറിച്ചിരിക്കുകയാണെങ്കിലും തമിഴകത്തിന്റെ ഈ സ്വപ്ന പദ്ധതിക്കു വേണ്ടി ഇവയൊക്കെ സഹിക്കാൻ ജനങ്ങളും തയാർ. കക്ഷിഭേദമില്ലാതെ രാഷ്ട്രീയ പാർട്ടികളും പദ്ധതിക്കു പിന്തുണയുമായി നിലകൊള്ളുന്നു.

പലഭാഗങ്ങളിലും ആകാശ പാതകളുടെ നിർമാണം മിക്കവാറും പൂർത്തിയായപ്പോൾ ഭൂഗർഭപാതകളുടെയും സ്റ്റേഷനുകളുടെ നിർമാണ പ്രവർത്തനങ്ങൾ അതിവേഗം നടക്കുന്നു. ഭൂഗർഭ സ്റ്റേഷനുകളുടെ നിർമാണത്തിനു തുടക്കം കുറിച്ചു നെഹ്റു പാർക്കിൽ തുരങ്ക നിർമാണം നടന്നു കൊണ്ടിരിക്കുകയാണ്. ചൈനയിൽ നിന്നെത്തിച്ച യന്ത്രമുപയോഗിച്ചാണു നിർമാണം. നെഹ്റു പാർക്ക് മുതൽ എഗ്മൂർ വരെ 939 മീറ്റർ നീളത്തിലാണു തുരങ്കം നിർമിക്കുന്നത്. അടുത്ത രണ്ടു സ്റ്റേഷനുകളായ കിൽപ്പോക്ക്, പച്ചയ്യപ്പാസ് കോളജ് എന്നിവിടങ്ങളിലും ഭൂഗർഭ സ്റ്റേഷനുകളാണ്. തുരങ്ക, ഭൂഗർഭ സ്റ്റേഷനുകളുടെ നിർമാണം രണ്ടു വർഷത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പിന്നീട് അധികം വൈകാതെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണു പ്രതീക്ഷ. അപ്പോഴെങ്കിലും നമ്മുടെ കൊച്ചി മെട്രോയുടെ നിർമാണം ആരംഭിക്കാനാകുമോ?



രണ്ടു ട്രാക്കുകളായി നിർമാണം പൂർത്തിയായ ആകാശ പാത.

ചിത്രങ്ങൾ: ജെ.സുരേഷ്

## ചെന്നൈ മെട്രോ റയിൽ ആദ്യ ഘട്ടം






നിർദിഷ്ട നെഹ്റു പാർക്ക് സ്റ്റേഷനിലെ തുരങ്ക പാതയുടെ തുടക്കം.



നിർമാണം പൂർത്തിയായ നെഹ്റു പാർക്ക് തുരങ്കപാതയുടെ ഉൾഭാഗം.



ആഴത്തിലുള്ള അടിത്തറയിൽ നിർമിക്കുന്ന പില്ലറുകളാണ് മെട്രോ ആകാശപാതയുടെ ശക്തി. പില്ലർ നിർമാണം പുരോഗമിക്കുന്നു.



നെഹ്റു പാർക്കിനു സമീപം നിർമിച്ച തുരങ്ക പാതകളുടെ മുൻവശത്തു നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നു.



വടപളനിയിൽ ആകാശപാതയോടു ചേർന്നു സ്റ്റേഷൻ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നു.



നൂറടി റോഡിനു മുകളിലൂടെ കടന്നു പോകുന്ന മെട്രോ റയിൽ പാത.



വടപളനിക്കു സമീപമുള്ള മെട്രോ റെയിൽ പാത.